**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1302** **19-09-2025 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ ബൈപ്പാസിന്റെ നിർമ്മാണവും ഭൂവുടമകൾക്ക് നഷ്ടപരിഹാരവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആര്യാടൻ ഷൗക്കത്ത് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 35 കോടി രൂപയുടെ സാങ്കേതികാനുമതി ലഭിച്ച നിലമ്പൂർ ബൈപ്പാസിന്റെ ഒന്നാംഘട്ട പ്രവൃത്തിയുടെ ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ പ്രവൃത്തി ഉടനെ ടെൻഡർ ചെയ്യുന്നതിന് തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ; വിശദമാക്കാമോ; | (എ) | നിലമ്പൂർ ബൈപ്പാസിന് പുതുക്കിയ ഭരണാനുമതി നൽകിയ ഉത്തരവിൽ നിലമ്പൂർ ബൈപ്പാസ് പ്രൊജക്റ്റിന് മുഴുവൻ ഭൂമിയും ഏറ്റെടുത്തതിന് ശേഷമേ ടെണ്ടർ നടപടി നടത്താവൂ എന്ന് വ്യവസ്ഥ ചെയ്തിരുന്നു. ആയതിനാൽ സ്ഥലം ഏറ്റെടുപ്പ് പൂർത്തിയായ ഫേയ്സ് 1 ന്റെ കി. മീ 0/000 മുതൽ 2/460 വരെയുള്ള റീച്ചിന്റെ ഭാഗിക സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനായുള്ള അനുമതി നൽകണം എന്നാവശ്യപ്പെട്ട് ലഭ്യമായ പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |
| (ബി) | ബൈപ്പാസിന്റെ നിർമ്മാണം എന്നത്തേക്ക് തുടങ്ങാനാവുമെന്ന് വ്യക്തമാക്കാമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി |
| (സി) | നിലമ്പൂർ ബൈപ്പാസിന്റെ രണ്ടാം ഘട്ടത്തിനായി സ്ഥലം വിട്ടുനൽകിയ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | നിലമ്പൂർ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് 227.18 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ആയതിൽ ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടി 75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നിലവിൽ ഭൂമി ഏറ്റെടുക്കുന്നതിന് ഫണ്ട് ലഭ്യമാക്കുന്നതിന് വേണ്ടി ചീഫ് എഞ്ചിനീയർ നൽകിയ 55 കോടിയുടെ പ്രൊപ്പോസൽ ധനകാര്യ വകുപ്പ് പരിശോധിച്ച് വരുന്നു. ആയതിന് അനുമതി നൽകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാനാകും. |
| (ഡി) | ബൈപ്പാസിന്റെ രണ്ടാംഘട്ട പ്രവൃത്തിയുടെ ഭൂമി ഏറ്റെടുക്കൽ നടപടി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | (സി) പിരിവിന്റെ അതേ മറുപടി |

സെക്ഷൻ ഓഫീസർ